**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1744 | | 14/12/2012-ൽ മറുപടിയ്ക്ക് |
|---|---|---|
| **ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ മാതൃകാ അംഗൻവാടി സ്ഥാപിക്കാനുള്ള ഭരണാനുമതി** | | |
| ചോദ്യം | | ഉത്തരം |
| ശ്രീ. ജി.എസ്.ജയലാൽ | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ മാതൃകാ അംഗൻവാടി സ്ഥാപിക്കുന്നതിലേക്ക് ഭരണാനുമതി നൽകിയിരുന്നുവോ; എങ്കിൽ എന്നാണ് ഭരണാനുമതി ലഭിച്ചതെന്ന് അറിയിക്കുമോ; | (എ) ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സെന്റർ നമ്പർ 56-നെ മാതൃകാ അംഗൻവാടിയാക്കുന്നതിനുള്ള ഭരണാനുമതി 14/05/2012-ലെ ഉത്തരവ് പ്രകാരമാണ് നൽകിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതിമൂലം എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) പ്രസ്തുത പദ്ധതിയിൽ 10 സെന്റ് സ്ഥലം സ്വന്തമായുള്ള അംഗൻവാടികളെയാണ് മാതൃകാ അംഗൻവാടികളാക്കി ഉയർത്തുന്നത്. ക്ളാസ്റൂം, ഡൈനിംഗ്റൂം, വൃദ്ധർക്കുള്ള പരിപാലനഹാൾ, ഫീഡിംഗ് റൂം, അടുക്കള, വർക്ക് ഏരിയ, കുടിവെള്ളം, സാനിട്ടേഷൻ, ഇലക്ട്രിഫിക്കേഷൻ എന്നീ സൗകര്യങ്ങളോടുകൂടിയ രണ്ട് നില കെട്ടിടത്തിൽ അമ്മമാരുടെ യോഗങ്ങൾക്കും, മുതിർന്ന സ്ത്രീകളുടെ പരിപാലനത്തിനും ഹാൾ, ശിശു-സ്ത്രീ സൗഹൃദ ടോയ്ലറ്റ്, മാതൃ-ശിശു കൗമാര പ്രായക്കാർക്കുള്ള പ്രതിരോധ കുത്തിവെപ്പിനുള്ള കേന്ദ്രം, മറ്റ് വിവിധ വകുപ്പുകളുമായി ഏകോപിച്ച് നടപ്പിലാക്കേണ്ട പദ്ധതികൾ. വൃദ്ധർക്കുള്ള വായനാമുറി മുതലായ സൗകര്യങ്ങളും ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. |

| | | |
|---|---|---|
| (സി) | മാതൃകാ അംഗൻവാടി ആരംഭിക്കുവാൻ ഭരണാനുമതി ലഭിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും പ്രാഥമിക നടപടികൾ പോലും ആരംഭിച്ചിട്ടില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) മാതൃകാ അംഗൻവാടിയിൽ വിപുലമായ സൗകര്യങ്ങളൊരുക്കുവാൻ ഉദ്ദേശിക്കുന്നതിനാൽ കെട്ടിടത്തിന്റെ ഘടനയിലും വിസ്തീർണ്ണത്തിലും മറ്റും കാര്യമായ മാറ്റം വരുത്തിയതിനാലാണ് നിർമ്മാണപ്രവർത്തനം ആരംഭിക്കാൻ കഴിയാഞ്ഞത്. പുതുക്കിയ ഭരണാനുമതിക്കുള്ള നടപടികൾ അവസാനഘട്ടത്തിലാണ് ഭരണാനുമതി പുതുക്കുന്നതോടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| (ഡി) | എങ്കിൽ എന്നത്തേക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ